**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്നത്.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ നിലവിൽ 9467.10 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.<br><br>മൂന്ന് ഘട്ടങ്ങളിലായി 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ 405 പദ്ധതികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ പ്രസ്തുത മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിർദ്ദേശങ്ങൾ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പ് വരുത്തുന്നതിനു വേണ്ടി അതത് മേഖലയിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട് . |
| (സി) | റിയാബിനെ ബോർഡ് ഫോർ പബ്ലിക് സെന്റർ ട്രാൻസ്ഫർമേഷൻ ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി നിയമിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ റിയാബിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിയാബിനെ 'ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ' എന്ന് പുനർനാമകരണം ചെയ്യുന്നതിനു ശിപാർശ ചെയ്തിട്ടുണ്ട്.<br><br>സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും, വ്യവസായ വകുപ്പിന്റേതല്ലാത്ത മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് |

| | | | | |
|---|---|---|---|---|
| | | | | കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 വിജ്ഞാപനമായി പുറപ്പെടുവിക്കുകയുണ്ടായി.<br><br>പ്രസ്തുത ആക്ട് പ്രകാരം കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് ബോർഡിലേയ്ക്ക് ചെയർമാൻ, അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ട് ഒരു വിജ്ഞാപനത്തിലൂടെ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇപ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ